# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| | | | |
|---|---|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 4419 | | 25.06.2019-ൽ<br>മറുപടിക്ക് | |
| **കാസർകോട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| എ) | കാസർകോട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിച്ചത് ഏത് വർഷത്തിലാണെന്നും നിർമ്മാണ-ച്ചെലവ് എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ; | എ) | 1893 ൽ നിർമ്മിച്ച ഓടിട്ട കെട്ടിടത്തിലും അതിനോട് ചേർന്ന് 2009-2010 ൽ നിർമ്മിച്ച കോൺക്രീറ്റ് കെട്ടിടത്തിലുമായാണ് കാസർകോഡ് സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്നത്. ഓടിട്ട കെട്ടിടത്തിന്റെ നിർമ്മാണ ചെലവ് 3,846/- രൂപയും കോൺക്രീറ്റ് കെട്ടിടത്തിന്റെ നിർമ്മാണ ചെലവ് 11,79,190/- രൂപയുമാണ്. |
| ബി) | പ്രസ്തുത കെട്ടിടം നിലവിൽ വന്നതിന് ശേഷം നാളിതുവരെ നടത്തിയ അറ്റകുറ്റപ്പണികളും അതിന് ചെലവായ തുകയും വിശദമാക്കാമോ; | ബി) | 2014-15 ൽ 1,62,548/- രൂപ ചെലവഴിച്ച് അലുമിനിയം പാർട്ടീഷൻ, നിലം ടൈൽസ് പതിക്കൽ എന്നിവ ചെയ്തിട്ടുണ്ട്. |
| സി) | എത്ര അടി വിസ്തീർണ്ണമാണ് കെട്ടിടത്തിനുള്ളതെന്നും ഓഫീസിനെ ആശ്രയിക്കുന്ന പൊതുജനങ്ങളുടെ പ്രതിദിന ശരാശരി എണ്ണം എത്രയാ-ണെന്നും അതിനനുസരിച്ചുള്ള സൗകര്യങ്ങളും സംവിധാനങ്ങളും ഇവിടെ ഉണ്ടോയെന്നും വ്യക്തമാക്കാമോ; | സി) | കെട്ടിടത്തിന് 2785.02 ച.അടി വിസ്തീർണ്ണമുണ്ട്. ഏകദേശം 200 പേർ പ്രതിദിനം ഈ ഓഫീസിനെ ആശ്രയിക്കുന്നുണ്ട്. ഓഫീസിലെത്തുന്ന പൊതു-ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ഇരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| ഡി) | കാസർകോട് സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം പണിയാൻ ആലോചനയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | ഡി) | കാസർകോഡ് സബ് രജിസ്ട്രാർ ഓഫീസ് സ്ഥിതിചെയ്യുന്ന 11 സെന്റ് സ്ഥലത്ത് ടി ഓഫീസിനും ജില്ലാ രജിസ്ട്രാർ ഓഫീസിനും കൂടി ഒരു കെട്ടിട സമുച്ചയ നിർമ്മാണം പരിഗണനയിലുണ്ട്.<br>നിലവിലുള്ള കെട്ടിടത്തിന്റെ ഓടിട്ട ഭാഗം പൈതൃക കെട്ടിട വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ അത് പൊളിച്ചുമാറ്റുന്നതിന് പുരാവസ്തു വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | അനുമതി ആവശ്യമാണ്. പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ കെട്ടിട സമുച്ചയം നിർമ്മിക്കുന്ന കാര്യം പരിഗണിക്കാനാവൂ. |

**സെക്ഷൻ ഓഫീസർ**